# മധുരമായ കുട്ടികളേ - ബാബയിൽ നിന്ന് പൂർണ്ണമായ സമ്പത്ത് നേടുന്നതിന് വേണ്ടി വികാരങ്ങളുടെ ദാനം തീർച്ചയായും ചെയ്യണം, ദേഹീ-അഭിമാനിയാകണം, മമ്മാ ബാബയെന്നു പറയുന്നുവെങ്കിൽ യോഗ്യരാകൂ

**ചോദ്യം:-** ആസ്തികരായ കുട്ടികൾ പോലും ഏതൊരു കാരണത്താൽ നാസ്തികരാകുന്നു?
**ഉത്തരം:-** ദേഹ-അഭിമാനം കാരണം, അവർ പറയും ഞങ്ങൾക്കെല്ലാം അറിയാം. പഴയ സ്വഭാവം ഉപേക്ഷിക്കുന്നില്ല. ജ്ഞാനത്തിന്റെ ഗുളിക കഴിച്ചതിന് ശേഷം പിന്നീട് മായയുടെ ഗുളികയും കഴിച്ചുകൊണ്ടിരിക്കുന്നു. ഞാൻ ആത്മാവാണ്, ദേഹീ-അഭിമാനിയാകണം, ഈ കാര്യത്തെ മറക്കുന്നതിലൂടെ ആസ്തികരായിട്ട് പോലും നാസ്തികരാകുന്നു. ഈശ്വരീയ മടിത്തട്ടിൽ നിന്ന് മരിച്ച് പോകുന്നു.

**ഗീതം:-** ഇന്നല്ലെങ്കിൽ നാളെ....

**ഓം ശാന്തി.** അതും ഘടികാരമാണ്, ഇത് പരിധിയില്ലാത്ത ഘടികാരമാണ്. അതിലും കാൽ, അര, ഫുൾ എന്നിങ്ങനെ ഭാഗങ്ങൾ കാണിച്ചിട്ടുണ്ട്, ഇതിലും അതുപോലെ തന്നെയാണ്. 4 ഭാഗങ്ങളുണ്ട്. 15 - 15 മിനിറ്റിന്റേതാണ്. അതുപോലെ തന്നെ ഇതും വീണ്ടും ഒന്നിൽ നിന്ന് ആരംഭിക്കും. ഇതിൽ അരകൽപം രാത്രിയാണ് അര കൽപം പകലാണ്. എങ്ങനെയാണോ ഭൂപടത്തിൽ കാണുന്നത് - *നോർത്തുപോളിൽ* 6 മാസം രാത്രിയാണെങ്കിൽ *സൗത്ത്പോളിൽ* 6 മാസം പകലായിരിക്കും. ഇവിടെയും ബ്രഹ്മാവിന്റെ പകൽ അരകൽപമാണ് അതുകൊണ്ട് ബ്രഹ്മാവിന്റെ രാത്രിയും അര കൽപമാണ്. ലോകത്തിലുള്ളവർക്ക് ഇത് *ഡ്രാമയുടെ* ചക്രമാണെന്നും, ഇതിനെ തന്നെയാണ് കൽപ വൃക്ഷമെന്ന് പറയുന്നതും, ഇതിന്റെ ആയുസ്സ് എത്രയാണെന്നതോ അറിയില്ല. പേര് തന്നെ കൽപ വൃക്ഷം എന്നാണ്, ഇത്രയും ആയുസ്സുള്ള വലിയ വൃക്ഷം മറ്റൊന്നുണ്ടായിരിക്കില്ല അതുകൊണ്ടാണ് ഇതിനെ പേരാലുമായി താരതമ്യം ചെയ്യുന്നത്. അതിന്റെയും തായ്ത്തടി നശിച്ച് പോയിരിക്കുന്നു, ബാക്കി വൃക്ഷം നിൽക്കുന്നുണ്ട് അതുകൊണ്ട് പാടിയിട്ടുമുണ്ട് ഒരു കാൽ ഒടിഞ്ഞ് പോയിരിക്കുന്നു, ബാക്കി 3 കാലിലാണ് നിൽക്കുന്നത്. അരകൽപം പകലും അരകൽപം രാത്രിയും അഥവാ അരകൽപം ജ്ഞാനവും അരകൽപം ഭക്തിയുമാണെന്ന് ലോകത്തിലാർക്കും തന്നെ അറിയില്ല. അവർക്ക് പകുതി-പകുതിയാക്കാൻ സാധിക്കില്ല. സത്യയുഗത്തിന് വളരെ സമയം കൊടുത്തിരിക്കുന്നു അതുകൊണ്ട് പകുതി-പകുതിയാകില്ല. യാതൊരു കണക്കും തന്നെയില്ല. മനുഷ്യർ ആസ്തികരും നാസ്തികരും എന്ന വാക്കിന്റെ പോലും അർത്ഥം മനസ്സിലാക്കുന്നില്ല. അരകൽപം സൃഷ്ടി ആസ്തികമായിരിക്കും, അരകൽപം നാസ്തികമായിരിക്കും. ആ ആസ്തികതയുടെ സമ്പത്ത് ബാബയിൽ നിന്നാണ് ലഭിക്കുന്നത്. ശിവരാത്രി എപ്പോഴാണുണ്ടാകുന്നതെന്നറിയുന്ന ആരും തന്നെയില്ല. സമയം ഉണ്ടായിരിക്കണമല്ലോ, എപ്പോഴാണോ ബാബ വന്ന് രാത്രിയെ പകലാക്കുന്നത്. ബാബയ്ക്ക് തന്നെയാണ് വന്ന് ഭക്തിയുടെ ഫലം നൽകി ഭക്തിയിൽ നിന്ന് മോചിപ്പിക്കേണ്ടത്. പരംപിതാ പരമാത്മാവിന് തീർച്ചയായും വരണം. വിളിക്കുന്നുണ്ട് അല്ലയോ പതിത-പാവനാ വരൂ. പതിത-പാവനൻ ആരാണ്- ഇതറിയില്ല, അതുകൊണ്ടാണ് അവരെ നാസ്തികരെന്ന് പറയുന്നത്. അറിയുന്നവരിലും *നമ്പർവൈസ്* പുരുഷാർത്ഥമനുസരിച്ചാണ്. ഇവിടെ കഴിയുന്നവർ പോലും കൃത്യമായി അറിയാത്തതു കാരണം ആശ്ചര്യത്തോടെ കേട്ട്, പറഞ്ഞ്, ഓടിപ്പോകുന്നു. ബാബയുടെ ഏറ്റവും ആദ്യത്തെ ആജ്ഞ - പവിത്രതയുടേതാണ്. വികാരികളായ മനുഷ്യരും വന്ന് അമൃത് കുടിക്കുന്ന വളരെയധികം*സെന്ററുകളുണ്ട്,* ഒന്നും തന്നെ ധാരണ ചെയ്യാൻ സാധിക്കില്ല. വികാരങ്ങളെയും ഉപേക്ഷിക്കുന്നില്ല. ആരാണോ അമൃതുപേക്ഷിച്ച് വിഷം കുടിക്കുന്നത് അവരെയാണ് ഭസ്മാസുരനെന്ന് പറയുന്നത്. കാമചിതയിലിരുന്ന് ഭസ്മമാകുന്നു, ദേവതയാകുന്നില്ല. ആദ്യം വികാരങ്ങളെ ദാനം ചെയ്യണം. ദാനം ചെയ്യണം അപ്പോഴേ മമ്മാ ബാബയെന്ന് പറയാൻ യോഗ്യരാകൂ. ക്രോധവും കുറഞ്ഞതല്ല. ക്രോധത്തിൽ വന്ന് ആദ്യം ചീത്ത പറയാൻ തുടങ്ങുന്നു പിന്നീട് മർദ്ദിക്കാനും തുടങ്ങുന്നു. പരസ്പരം കൊലപാതകം പോലും ചെയ്യുന്നു. പത്രങ്ങളിൽ ഇങ്ങനെയുള്ള ധാരാളം വാർത്തകൾ വരാറുണ്ട്. ബാബയിൽ നിന്ന് സമ്പത്തെടുക്കണമെങ്കിൽ ഈ വികാരങ്ങളെ, ഏതൊന്നിലൂടെയാണോ ദുർഗതി ഉണ്ടായത്, അതിന്റെ ദാനം തീർച്ചയായും ചെയ്യണം. ബാബ പറയുന്നു കുട്ടികളേ നിങ്ങൾക്ക് അശരീരിയായി പോകണം, ഈ ദേഹ-ബോധം ഉപേക്ഷിക്കൂ. എത്ര സമയമാണ് നിങ്ങൾ ദേഹ-അഭിമാനിയായി കഴിഞ്ഞത്. സത്യയുഗത്തിൽ നിങ്ങൾ ആത്മ-അഭിമാനിയായിരുന്നു. നിങ്ങൾ മനസ്സിലാക്കിയിരുന്നു ഞാൻ ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതെടുക്കുന്നു. അവിടെ മായ ഉണ്ടായിരിക്കില്ല അതുകൊണ്ട് ദുർഗതിയുടെ കാര്യവും ഉണ്ടായിരിക്കില്ല. ഇവിടെ വലിയ ആളുകൾക്ക് രോഗം വരികയാണെങ്കിൽ പത്രത്തിൽ വാർത്ത വരുന്നു.

അവരെ രക്ഷിക്കാൻ എത്രയാണ് പരിശ്രമിക്കുന്നത്. നോക്കൂ, പോപ്പിന് ഈ സമയം എത്ര ആദരവാണുള്ളത്. എന്നാൽ ഈ സമയം എല്ലാവരും നാസ്തികരാണ്. *ഗോഡ് ഫാദറെ* അറിയുന്നില്ലെങ്കിൽ നാസ്തികനെന്നല്ലേ പറയുക. ഏതെങ്കിലും പിതാവിന് 5-7 മക്കളുണ്ടെങ്കിൽ കുട്ടികളെന്താ ഞങ്ങളുടെ അച്ഛൻ സർവ്വവ്യാപിയാണെന്ന് പറയുമോ. ഈ അച്ഛനും പറയുന്നു ഞാൻ രചയിതാവാണ്, ഇതെന്റെ രചനയാണ്. രചനയിൽ എങ്ങനെ രചയിതാവിന് വ്യാപിക്കാൻ സാധിക്കും. എത്ര സഹജമായ കാര്യമാണ്. എന്നിട്ടും മനസ്സിലാക്കുന്നില്ല അതുകൊണ്ടാണ് ബാബ മനസ്സിലാക്കി തന്നുകൊണ്ടേയിരിക്കുന്നത് ആദ്യം നാസ്തികരിൽ നിന്നും ആസ്തികരാക്കൂ, അതിലൂടെ പറയണം പരംപിതാ പരമാത്മാവ് നമ്മുടെ അച്ഛനാണ്, ആ പിതാവിൽ നിന്ന് സമ്പത്ത് നേടണം. കന്യാ ദാനം ചെയ്യുമ്പോൾ പണമെന്താണോ നൽകാറുള്ളത്, അതിനെയും സമ്പത്തെന്ന് പറയും. സുഖത്തിന്റെ സമ്പത്ത് ആരാണ് നൽകുന്നത്, ദുഃഖത്തിന്റെ സമ്പത്ത് ആരാണ് നൽകുന്നത്, ഇതറിയില്ല. ഭാരതവാസി സ്വർഗ്ഗത്തെ തന്നെ മറന്നിരിക്കുന്നു. പേരുപയോഗിക്കാറുണ്ട്, പറയാറുണ്ട് ഇന്ന ആൾ സ്വർഗ്ഗത്തിലേക്ക് പോയി, എന്നാൽ മനസ്സിലാക്കാറില്ല. ബാബ പറയുന്നു തീർത്തും തുച്ഛ ബുദ്ധികളാണ്. പതിത-പാവനാ വരൂ എന്ന് പറഞ്ഞ് പാടുന്നുണ്ട് എന്നാൽ സ്വയം പതിതനാണെന്ന് മനസ്സിലാക്കുന്നില്ല. ബാബ പറയുന്നു ആദ്യം പരമാത്മാവിനെ മനസ്സിലാക്കി കൊടുക്കൂ. പരംപിതാ പരമാത്മാവുമായി നിങ്ങൾക്കെന്ത് സംബന്ധമാണുള്ളത്! ഞങ്ങൾക്കറിയില്ല എന്ന് പറയുമ്പോൾ ചോദിക്കൂ, അച്ഛനെ അറിയില്ലേ! ലൗകിക പിതാവ് ശരീരത്തിന്റെ രചയിതാവാണ്, പരംപിതാ പരമാത്മാവ് ആത്മാവിന്റെ പിതാവാണ്. അപ്പോൾ എന്താ നിങ്ങൾക്ക് അച്ഛനെ അറിയില്ലേ? എത്ര സഹജമായ കാര്യമാണ്. എന്നാൽ കുട്ടികളുടെ ബുദ്ധിയിൽ ഇരിക്കുന്നില്ല. അല്ലായെങ്കിൽ സേവനം ചെയ്യുന്നതിൽ മുഴുകും. പരംപിതാ പരമാത്മാവുമായി എന്ത് സംബന്ധമാണുള്ളത്? പ്രജാപിതാ ബ്രഹ്മാവുമായി എന്ത് സംബന്ധമാണുള്ളത്? അതാണ് പരംപിതാവ്, ഇതാണ് പ്രജാപിതാവ്. പ്രജാപിതാവ് തീർച്ചയായും ഇവിടെയല്ലേ ഉണ്ടായിരിക്കുക. പ്രജാപിതാ ബ്രഹ്മാവിന്റെ പേര് കേട്ടിട്ടുണ്ടോ? നിരാകാരനായ പരംപിതാ പരമാത്മാവ് എങ്ങനെയാണ് സൃഷ്ടി രചിച്ചത്? അപ്പോൾ പ്രജാപിതാവ് സാകാരനാണ്, അദ്ദേഹത്തിന്റെ കുട്ടികൾ ബി.കെ.യും തീർച്ചയായും ഉണ്ടായിരിക്കും. മക്കൾ തന്നെയാണ് സമ്പത്തിന് അവകാശിയാകുന്നത്. എന്നാൽ നല്ല-നല്ല കുട്ടികൾ പോലും യുക്തിയോടെ മനസ്സിലാക്കി കൊടുക്കുന്നില്ല. പുതിയ-പുതിയ കാര്യങ്ങൾ ബാബ മനസ്സിലാക്കി തരുന്നു എന്നിട്ടും കുട്ടികൾ തന്റെ പഴയ രീതിയിൽ തന്നെ പൊയ്ക്കൊണ്ടിരിക്കുന്നു. പുതിയവ ധാരണ ചെയ്യുന്നില്ല. ദേഹ-അഭിമാനമുണ്ട്. പറയുന്നു ഞങ്ങൾക്കെല്ലാം തന്നെ അറിയാം, എന്നാൽ ആദ്യത്തെ കാര്യം അറിയാത്തത് കാരണത്താൽ തന്നെയാണ് വിട നൽകി പോകുന്നത്. ആസ്തികനിൽ നിന്ന് നാസ്തികനാകുന്നു. ഈശ്വരീയ മടിത്തട്ടിലേക്ക് വന്ന് പിന്നീട് മരണപ്പെടുന്നു. മമ്മാ ബാബയെന്ന് പോലും പറഞ്ഞിട്ട് നോക്കൂ പിന്നീടെങ്ങനെയാണ് മരിക്കുന്നതെന്ന്. മായയുടെ ഗുളിക അഥവാ ദേഹ-അഭിമാനത്തിന്റെ ഗുളിക കഴിച്ചു അവർ മരിച്ചു. ഇതാണ് ജ്ഞാനത്തിന്റെ ഗുളിക, അതാണ് മായയുടെ ഗുളിക. മായ ഇങ്ങനെയുള്ള ഗുളികയാണ് നൽകുന്നത് അതിലൂടെ വരവ് തന്നെ ഉപേക്ഷിക്കുന്നു. നിങ്ങൾ പാണ്ഢവരുടെ യുദ്ധം മായയോടാണ്.

ബാബ മനസ്സിലാക്കി തരുന്നു എന്നെ ജ്ഞാനത്തിന്റെ സാഗരൻ എന്നാണ് പറയുന്നത്. ജ്ഞാന സാഗരത്തിൽ നിന്ന് ജ്ഞാനത്തിന്റെ ഗംഗകളാണോ ഉദ്ഭവിച്ചത് അതോ വെള്ളത്തിന്റേതാണോ? അവിടെ ഗംഗയുടെ ചിത്രം ദേവിയുടെ രൂപത്തിലും കാണിക്കാറുണ്ട്. എന്നിട്ടും ബുദ്ധിയിൽ ഇതാരാണെന്ന് മാത്രം വരുന്നില്ല. ദേവീ-ദേവതകൾക്ക് ആരെയും അമൃത് കുടിപ്പിക്കാൻ സാധിക്കില്ല. യജ്ഞം സദാ ബ്രാഹ്മണരിലൂടെയാണ് രചിക്കുന്നത്. യജ്ഞത്തിൽ പിന്നീടെങ്ങനെ യുദ്ധത്തിന്റെ കാര്യം വന്നു? ഈ കാര്യങ്ങൾ വിവേകശാലീ കുട്ടികൾ മാത്രമാണ് മനസ്സിലാക്കുന്നത്. മണ്ടൂസുകൾ മറക്കുന്നു. സ്കൂളിലും ഭാഗ്യശാലികൾ *നമ്പർവൈസായിരിക്കും*. ഇനി സ്കൂളിൽ 12 മാസമിരുന്നാലും പഠനത്തിൽ ശ്രദ്ധ നൽകുന്നില്ലെങ്കിൽ പഠിക്കാൻ സാധിക്കില്ല. ബാബ ആത്മാക്കളെയാണ് പഠിപ്പിക്കുന്നത്. ബാബ ചോദിക്കുന്നു അല്ലയോ ആത്മാക്കളേ കേൾക്കുന്നുണ്ടോ? മറ്റാർക്കും ആത്മാവിനോട് സംസാരിക്കാൻ സാധിക്കില്ല. ബാബ പറയുന്നു ഭാഗ്യ നക്ഷത്രങ്ങളേ മനസ്സിലാകുന്നുണ്ടോ? നിങ്ങളെ പഠിപ്പിക്കുകയാണ്. ആത്മാവ് തന്നെയാണ് ചെയ്യുന്നതും ചെയ്യിപ്പിക്കുന്നതും. ചെയ്യുന്നതും ചെയ്യിപ്പിക്കുന്നതും ആത്മാവുമാണ് അതുപോലെ പരമാത്മാവുമാണ്. എങ്ങനെയാണോ ആത്മാവ് ആത്മാവിനെക്കൊണ്ട് ചെയ്യിക്കുന്നത് അതുപോലെ പരമാത്മാ ബാബയും ആത്മാക്കളെ കൊണ്ട് ചെയ്യിപ്പിക്കുകയാണ്. ബാബ പറയുന്നു ഞാൻ നിങ്ങൾ ആത്മാക്കളെ കൊണ്ട് നല്ല കർമ്മം ചെയ്യിക്കുകയാണ്. എല്ലാവർക്കും ബാബയുടെ പരിചയം നൽകണം. ഏറ്റവും ആദ്യം ഈ ചോദ്യാവലി എടുക്കൂ. അതാണ് പാരലൗകിക പരംപിതാ പരമാത്മാവ്, ഇതാണ് ലൗകിക പിതാവ്. ആത്മാവും ശരീരവും രണ്ടും വ്യത്യസ്തമല്ലേ. ശരീരത്തിന്റെ പിതാവാണ് ലൗകിക അച്ഛൻ, ആത്മാക്കളുടെ അച്ഛനാണ് പരംപിതാ പരമാത്മാവ്. അതാണ് വലിയ അച്ഛൻ. ഭക്തരെല്ലാവരും ആ പിതാവിനെയാണ് ഓർമ്മിക്കുന്നത്. സർവ്വരുടെയും പതിത-പാവനൻ ആ പിതാവാണ്. ഇന്നത്തെ കാലത്ത്

ജഗത് ഗുരുവെന്ന് പോലും പേര് വയ്ക്കുന്ന അനേകം ഗുരുക്കൻമാരുണ്ട്. ജഗത്-അബമാരും ധാരാളം ഇറങ്ങുന്നുണ്ട്. ഇതെല്ലാം തന്നെ അസത്യമാണ്. അസത്യത്തിൽ സത്യത്തെ തിരിച്ചറിയാൻ ബുദ്ധിമുട്ടാണ്. വലിയ-വലിയ പേരുകൾ വച്ചിരിക്കുന്നു. എന്നാൽ സത്യത്തിന് മറഞ്ഞിരിക്കാൻ സാധിക്കില്ല. പറയാറുണ്ട് സത്യമുണ്ടെങ്കിൽ നൃത്തം ചെയ്യൂ. നൃത്തം ചെയ്തുകൊണ്ടേയിരിക്കൂ. നൃത്തം പ്രസിദ്ധമാണ്. നിങ്ങൾ ആസ്തികരായിരിക്കുന്നു, ധാരണ ചെയ്തിട്ടുണ്ടെങ്കിൽ സ്വർഗ്ഗത്തിൽ നിങ്ങൾക്ക് നൃത്തം ചെയ്യണം. ദേവതകൾ തന്നെയാണ് നൃത്തം ചെയ്യുന്നത്. പതിത ലോകം നരകമാണ്. നരകത്തെ സ്വർഗ്ഗം അഥവാ പാവനലോകമാക്കുക, ഇത് ഗുരുക്കൻമാരുടേയോ സന്യാസിമാരുടോയോ കർത്തവ്യമല്ല. ഇതിനെയാണ് ഘോര നരകമെന്ന് പറയുന്നത്. സ്വർഗ്ഗത്തെ പറയുന്നത് ശിവാലയം എന്നാണ്. ഏറ്റവും ആദ്യം ഇതെഴുതിക്കൂ അതായത് പരംപിതാ പരമാത്മാവ് നമ്മുടെ അച്ഛനാണ്, ആ പിതാവ് പ്രജാപിതാ ബ്രഹ്മാവിലൂടെ തന്നെയാണ് ബ്രാഹ്മണരുടെ രചന നടത്തിയിട്ടുള്ളത്. നമ്മൾ ശിവബാബയുടെ പേരക്കുട്ടികളാണ്. സമ്പത്തും ബാബയാണ് നൽകുന്നത്. ജ്ഞാനസാഗരൻ ബാബയാണ്. അവിനാശി ജ്ഞാന രത്നം ബ്രഹ്മാവിലൂടെ നൽകുന്നു. ആദ്യം ബ്രഹ്മാവിനാണ് ലഭിക്കുന്നത് പിന്നീട് മുഖവംശാവലിക്ക് ലഭിക്കുന്നു. സ്കൂളിലും വൈകിവരുന്ന ചിലരും തീവ്രമായി മുന്നേറാറുണ്ട് എന്തുകൊണ്ടെന്നാൽ നന്നായി പഠിക്കുന്നു. ഇവിടെയും നന്നായി പഠിക്കണം പഠിപ്പിക്കണം. ആര് തനിക്ക് സമാനമാക്കുന്നില്ലയോ, എങ്കിൽ തീർച്ചയായും അവരിൽ എന്തെല്ലാമോ കുറവുകളുണ്ട് അതുകൊണ്ടാണ് ധാരണ നടക്കാത്തത്. കാമവികാരത്തിന്റെ പാതി ലഹരിപോലുമുണ്ടെങ്കിൽ ധാരണ വളരെ പ്രയാസകരമാണ്. എഴുതാറുണ്ട് ബാബാ കാമത്തിന്റെ കൊടുങ്കാറ്റ് വളരെ ബുദ്ധിമുട്ടിക്കുന്നു. നിയന്ത്രണ രഹിതരാക്കുന്നു. ബാബ പറയുന്നു കുട്ടികളേ കാമം മഹാശത്രുമാണ്, അതിനെ യോഗബലത്തിലൂടെ ജയിക്കൂ. കൽപം മുൻപും നിങ്ങൾ ജയിച്ചിട്ടുണ്ട്. ബാബയുടെ സിംഹാസനത്തിലാണ് ഇരിക്കുന്നത്. അതിന് പിറകിലായി *റോയൽ* കുലവുമുണ്ട്. കേവലം ഒരുജന്മം പവിത്രമാകുന്നതിലൂടെ ഇത്രയും ഉയർന്നവരായി തീരും. പവിത്രമാകുന്നില്ലെങ്കിൽ വളരെ നഷ്ടം സംഭവിക്കും. മരണം മുന്നിൽ നിൽക്കുന്നുണ്ട്. *ആക്സിഡന്റുകളെല്ലാം* എത്രയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. രജോപ്രധാന സമയത്ത് ഇത്രയും മരണമുണ്ടാകുന്നില്ല. ഇപ്പോഴാണെങ്കിൽ അതിയാണ്. മുൻപ് ഇത്രയും യന്ത്രങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല. മുൻപ് യുദ്ധങ്ങളൊന്നും കപ്പലിലുപ യോഗിച്ചോ, വിമാനങ്ങളുപയോഗിച്ചോ അല്ല നടത്തിയിരുന്നത്. ഇതെല്ലാം ഇപ്പോൾ വന്നതാണ്. ഇവിടെ ഉണ്ടായിരുന്നില്ല. മുൻപ് സത്യയുഗത്തിലുണ്ടായിരുന്നുവെങ്കിൽ, പിന്നീട് സംഗമയുഗത്തിലും ഉണ്ടാകണം. ഈ സുഖം വീണ്ടും നിങ്ങൾക്ക് സ്വർഗ്ഗത്തിൽ ലഭിക്കാനുള്ളതാണ്. വിമാനങ്ങൾ ആരാണോ ഉണ്ടാക്കുന്നത് അവർ അവിടെയും ഉണ്ടായിരിക്കും. പ്രജയിലേക്കും പലരും വരും. സംസ്ക്കാരം കൊണ്ട് വന്ന് വീണ്ടും ഉണ്ടാക്കും. ഇപ്പോൾ ഉണ്ടാക്കുന്നത് വിനാശത്തിന് വേണ്ടിയാണ് പിന്നീട് ഇത് സുഖത്തിനായി ഉപകരിക്കപ്പെടും. അവിടെ കുറ്റമറ്റതായിരിക്കും. മായയുടെ അതിപ്രസരത്തിലൂടെ വിനാശം സംഭവിക്കും. വിനാശം തീർച്ചയായും സംഭവിക്കേണ്ടതല്ലേ. ബ്രാഹ്മണരിലൂടെ യജ്ഞം രചിച്ചിരിക്കുന്നു, ഇതിൽ മുഴുവൻ പഴയ ലോകവും സ്വാഹയാകും. ബ്രാഹ്മണരിലൂടെ തന്നയാണ് യജ്ഞം രചിക്കുന്നത്, ലഭിക്കുന്നതും ബ്രാഹ്മണർക്ക് തന്നെയാണ്. ബ്രാഹ്മണ വർണ്ണം തന്നെയാണ് ദേവതാ വർണ്ണമാകുന്നത്. ശിവബാബ ബ്രഹ്മാവിലൂടെ ബ്രാഹ്മണനാക്കുന്നു. ബ്രാഹ്മണൻ പിന്നീട് ദേവതയാകുന്നു. എത്ര വ്യക്തമായ കാര്യമാണ്, എന്നാൽ കുട്ടികളുടെ കാര്യത്തിൽ വളെയധികം അദ്ഭുതം തോന്നുന്നു കാരണം ഇത്രയും സഹജമായ കാര്യം പോലും പലർക്കും ധാരണ ചെയ്യാൻ സാധിക്കുന്നില്ല. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബയോട് സദാ സത്യമായിരിക്കണം. വികാരങ്ങളെ ദാനം ചെയ്തതിന് ശേഷം പിന്നീട് ഭസ്മാസുരനാകരുത്. ബാബയുടെ ആജ്ഞ തീർച്ചയായും പാലിക്കണം.

2) വികാരങ്ങളുടെ സൂക്ഷ്മ ലഹരിയെ യോഗബലത്തിലൂടെ സമാപ്തമാക്കണം. പഠിത്തം നല്ല രീതിയിൽ പഠിക്കണം പഠിപ്പിക്കണം.

## വരദാനം:- ലക്ഷ്യത്തെ മുന്നിൽ വച്ച് ബ്രഹ്മാബാബയെ പിൻതുടർന്നുകൊണ്ട് ഫസ്റ്റ് നമ്പർ നേടുന്ന തീവ്ര പുരുഷാർത്ഥിയായി ഭവിക്കൂ

തീവ്ര പുരുഷാർത്ഥിയുടെ മുന്നിൽ സദാ ലക്ഷ്യമുണ്ടായിരിക്കും. അവർ ഒരിക്കലും അങ്ങോട്ടുമിങ്ങോട്ടും നോക്കില്ല. ഫസ്റ്റ് നമ്പറിലേക്ക് വരുന്ന ആത്മാക്കൾ വ്യർത്ഥത്തെ കണ്ടുകൊണ്ടും കാണില്ല, വ്യർത്ഥ കാര്യങ്ങൾ കേട്ടുകൊണ്ടും കേൾക്കില്ല. അവർ ലക്ഷ്യത്തെ മുന്നിൽ വച്ച് ബ്രഹ്മാബാബായെ ഫോളോ ചെയ്യുന്നു. ഏതുപോലെയാണോ ബ്രഹ്മാ ബാബ സ്വയത്തെ ചെയ്യുന്നവനെന്ന് മനസ്സി കർമ്മം ചെയ്തത്, ഒരിക്കലും ചെയ്യിക്കുന്നവനെന്ന് മനസ്സിലാക്കിയില്ല, അതുകൊണ്ട് ഉത്തരവാദിത്വങ്ങൾ സംരക്ഷിച്ചുകൊണ്ടും സദാ ഭാരരഹിതമായി കഴിഞ്ഞു. ഇതുപോലെ ഫോളോ ഫാദർ ചെയ്യൂ.

## സ്ലോഗൻ:- ഏത് കാര്യമാണോ അവസ്ഥയെ മോശമാക്കുന്നത് - അത് കേട്ടുകൊണ്ടും കേൾക്കാതിരിക്കൂ.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യൂ** : ബാബയ്ക്ക് കുട്ടികളോട് ഇത്രയും സ്നേഹമുണ്ട് അതുകൊണ്ടാണ് ദിവസവും സ്നേഹത്തിന്റെ പ്രതികരണം അറിയിക്കുന്നതിനായി ഇത്രയും വലിയ കത്തെഴുതുന്നത്. സ്നേഹ സ്മരണകൾ നൽകുന്നത് കൂട്ടുകാരനായി കൂട്ട് നൽകുന്നത്, അതുകൊണ്ട് ഈ സ്നേഹത്തിൽ തന്റെ എല്ലാ കുറവുകളും സമർപ്പണം ചെയ്ത് ലൗലീന സ്ഥിതിയിൽ സ്ഥിതി ചെയ്യൂ.